DESPATCHED
On. 15/06/2020

05/06/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2035*(2)/2016*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **7435/*എസ്.ഐ.സി-ജി 6/16*)**

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ഉമേഷ് പോച്ചപ്പൻ,
ദേവി പ്രഭ, റെഡ് ക്രോസ്സ് റോഡ്,
കണ്ണൂർ.
} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ഇന്ത്യൻ റെഡ് ക്രോസ്സ് സൊസൈറ്റി,
കേരള സ്റ്റേറ്റ് ബ്രാഞ്ച്, റെഡ് ക്രോസ്സ് റോഡ്,
തിരുവനന്തപുരം – 695 035.

2. അപ്പീൽ അധികാരി&
അഡീഷണൽ സെക്രട്ടറി,
ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്,
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 08.04.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 05.05.2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 08.05.2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 26.05.2016 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 17.06.2016 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 21.06.2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 15.02.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.ഉമേഷ് പോച്ചപ്പൻ,

17.06.2016ന് സമർപ്പിച്ച അപ്പീൽ ഹർജി 21.06.2016ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2035(2)/16/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് യാതൊരു മറുപടിയും ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനും മറുപടി ലഭിച്ചില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 08.04.2016ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 05.05.2016ന് നൽകിയ മറുപടിയിൽ സെന്റ് ജോൺസ് ആംബുലൻസ്(ഇൻഡ്യ) വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടതല്ലാത്തതിനാൽ ടിയാന്റെ ചോദ്യങ്ങൾക്ക് മറുപടി നൽകാൻ നിർവ്വാഹമില്ല എന്നാണ് അറിയിച്ചതെന്നും ടിയാന്റെ 10.03.2016ലെ അപേക്ഷയിലെ ക്രമനമ്പർ എഫ്.ൽ ആവശ്യപ്പെട്ട സെന്റ് ജോൺ ആംബുലൻസ് (ഇൻഡ്യ)യുടെ പൊതുവായ വിവരങ്ങൾ മാത്രമാണ് നൽകിയിട്ടുള്ളതെന്നും ആകയാൽ ടിയാൻ ഫീസിനത്തിൽ നൽകിയ തുക തിരികെ നൽകണമെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 16.05.2016ന് നൽകിയ മറുപടിയിൽ ടിയാന്റെ അപ്പീൽ ഹർജി ഇൻഡ്യൻ റെഡ്ക്രോസ് സൊസൈറ്റിയുടെ കേരള സ്റ്റേറ്റ് ബ്രാഞ്ചിലേക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നാണ് അറിയിച്ചത്.

4. 25.07.2016ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നും സെന്റ് ജോൺ ആംബുലൻസ് (ഇൻഡ്യ), നാഷണൽ ഹെഡ്ക്വാർട്ടേഴ്സിൽ നിന്നുള്ള നിർദ്ദേശപ്രകാരം ആർട്ടിക്കിൾ 12 അനുസരിച്ച് ഒരു നോൺ ഗവൺമെന്റ് ഓർഗനൈസേഷനാണെന്നും ആയതിനാൽ വിവരാവകാശ നിയമത്തിന്റെ പരിധിയിൽപ്പെടുന്നില്ലെന്നുമാണ്. റെഡ്ക്രോസ് സൊസൈറ്റിയെ സംബന്ധിച്ച് 08.04.2016ലെ ഹർജിക്കാരന്റെ കത്തിൽ 3(6)ൽ ആവശ്യപ്പെട്ടിരുന്ന മെമ്പർഷിപ്പിന്റെ അപേക്ഷകൾ ഒന്നിച്ച് നാഷണൽ ഹെഡ് ക്വാർട്ടേഴ്സിലേയ്ക്ക് അയച്ചാൽ മതിയെന്ന നാഷണലിൽ നിന്നുള്ള നിർദ്ദേശപ്രകാരമാണ് അയയ്ക്കാൻ താമസിച്ചതെന്നും മെമ്പർഷിപ്പ് സർട്ടിഫിക്കറ്റുകൾ ലഭിച്ച മുറയ്ക്ക് തന്നെ ഇൻഡ്യൻ റെഡ് ക്രോസ്സ് സൊസൈറ്റി കണ്ണൂർ ജില്ലാ ബ്രാഞ്ചിന് അയച്ചുകൊടുത്തിട്ടുണ്ടെന്നും ഇനി സർട്ടിഫിക്കറ്റൊന്നും നൽകാനില്ലെന്നുമാണ്. ഹർജി

ക്കാരന് മറുപടി നൽകിയ സമയത്ത് സർട്ടിഫിക്കറ്റുകൾ വന്നിട്ടില്ലാത്തതിനാലാണ് നൽകാത്തതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും കോടതിയിൽ കേസ് ഉണ്ടായിരുന്നതിനാലാണ് 28.01.2020ലെ ഹിയറിംഗിൽ ഹാജരാകാൻ സാധിക്കാത്തതെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. കൂടാതെ ഇന്ത്യൻ റെഡ് ക്രോസ്സ് കേരള സ്റ്റേറ്റ് ബ്രാഞ്ച് 2016 ജൂലൈ 16 മുതൽ കേരള സർക്കാർ നിയന്ത്രണത്തിൽ അഡ്മിനിസ്ട്രേറ്റർ ഭരണത്തിന്റെ കീഴിലാണെന്നും ടി കാലയളവിൽ അന്വേഷണ വിധേയമായി ഓഫീസിലെ മുഴുവൻ ഫയലുകളും രേഖകളും ക്രൈം ബ്രാഞ്ചിന് ഹാജരാക്കിയിട്ടുണ്ടെന്നും ടി ഫയലുകളൊന്നും തിരികെ ഭരണസമിതിയ്ക്ക് കൈമാറിയിട്ടില്ലെന്നുമാണ്. എന്നാൽ ടി വിവരം സംബന്ധിച്ച രേഖ കമ്മീഷനിൽ ഹാജരാക്കണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതു പ്രകാരം ടി റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിച്ച് ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജൂൺ 05–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/